# File No.LSGD-DC3/15/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ സമുച്ചയം പുതുക്കിപ്പണിയൽ എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.707/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/03/2020

---

പരാമർശം:- (1) സ.ഉ.(സാധാ) നം.6167/2019/ധന. തീയതി 03.08.2019

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12/2019-ലെ ഡിബി5/14469/19/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ക്രമ നമ്പർ 1467 ആയി ഉൾപ്പെടുത്തിയിട്ടുള്ള 'തലശ്ശേരി നഗരസഭാ സമുച്ചയം പുതുക്കി പണിയൽ' എന്ന പ്രവൃത്തിയുടെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. തലശ്ശേരി നഗരസഭ സമുച്ചയം പുതുക്കിപ്പണിയൽ എന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കണമെന്നും മേൽ പ്രവൃത്തിയുടെ നിർവ്വഹണ തുക തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരി ആയ ശീർഷകത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ PWD Works Budget Vol II-ൽ ഇരുപതു ശതമാനം വകയിരുത്തിയിരിക്കുന്ന ഒരോ നിയമസഭ മണ്ഡലത്തിലെയും വർക്കുകളിൽ ഒന്ന് (ബഹു.എം.എൽ.എ. ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) അനുവദിക്കാവുന്നതാണെന്ന നിബന്ധന പാലിച്ചു കൊണ്ട് 'തലശ്ശേരി നഗരസഭാ സമുച്ചയം പുതുക്കി പണിയൽ' എന്ന പ്രവൃത്തിക്ക് 7,10,00,000/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. മേൽ പ്രവൃത്തിയുടെ നിർവ്വഹണ ചെലവ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരി ആയ പുതിയ 4217-60-051-94 എന്ന ശീർഷകത്തിൽ നിന്നും ചെലവ് വരുന്ന മുറക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോള് ഡി**

**ജോയിന്റ് സെക്രട്ടറി**

ചെയർപേഴ്സൺ, തലശ്ശേരി നഗരസഭ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

സെക്രട്ടറി, തലശ്ശേരി നഗരസഭ.

File No.LSGD-DC3/15/2020-LSGD

ജില്ലാ കളക്ടർ, കണ്ണൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ജി.എസ്.എസ്.എ.) / (ഇ.ആർ.എസ്.എ),
കേരള, തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (E.No. 1436819/DEV-3/14/2020-FIN dated 26.02.2020)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.(വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SMITHA B CHANDRA
Date: 2020.03.31 14:06:40 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.